**മലപ്പുറം ജില്ലയിൽ എച്ച്. എസ്. എ. (ഹിന്ദി)യുടെ ഒഴിവുകൾ**

124 (4406) ശ്രീ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മലപ്പുറം ജില്ല പി. എസ്. സി. തയ്യാറാക്കിയ എച്ച്. എസ്. എ. (ഹിന്ദി)യുടെ റാങ്ക് ലിസ്റ്റിൽ നിന്നും ഇതിനകം എത്ര പേർക്ക് നിയമനം നൽകുകയുണ്ടായി :

(ബി) മലപ്പുറം ജില്ലയിൽ എച്ച്. എസ്. എ. (ഹിന്ദി)യുടെ എത്ര ഒഴിവുകൾ ഉണ്ട് :

(സി) നിലവിലുള്ള എല്ലാ ഒഴിവുകളും പി.എസ്.സി.-യെ അറിയിക്കുന്നതിന് എന്തെങ്കിലും തടസ്സം ഉണ്ടോ : എങ്കിൽ അത് സംബന്ധിച്ച് വിശദമാക്കുമോ :

(ഡി) പ്രസ്തുത റാങ്ക് ലിസ്റ്റിന്റെ കാലാവധി തീരുന്നതിന് മുമ്പായി എല്ലാ ഒഴിവുകളും പി. എസ്. സി. യെ അറിയിക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) 202 പേർക്ക്.

(ബി) 9 ഒഴിവുകൾ

(സി) നിയമാനുസൃതമായി നികത്തേണ്ട ഒഴിവുകൾ സർക്കാരിന്റെ അംഗീകാരത്തോടെ ഉപവിദ്യാഭ്യാസ ഡയറക്ടർ പി. എസ്. സി. യെ അറിയിക്കുന്നതാണ്.

(ഡി) നടപടികൾ സ്വീകരിച്ചു വരുന്നു.

**തിരുവനന്തപുരം ജില്ലയിലെ ഹൈസ്കൂൾ അദ്ധ്യാപകരുടെ നിയമനം**

125 (4407) ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കഴിഞ്ഞ അദ്ധ്യയന വർഷം തിരുവനന്തപുരം ജില്ലയിൽ ഹൈസ്കൂൾ തലത്തിൽ പഠിപ്പിക്കുന്ന എത്ര ഫിസിക്കൽ സയൻസ് അദ്ധ്യാപകർ റിട്ടയർ ചെയ്തുവെന്ന് വ്യക്തമാക്കാമോ :

(ബി) കോൺട്രാക്ട്/എപ്ലോയ്മെന്റ്/ദിവസക്കൂലി വ്യവസ്ഥയിൽ നാളിതുവരെ ജില്ലയിൽ എത്ര പേരെ ഹൈസ്കൂൾ അദ്ധ്യാപകരായി നിയമിച്ചു : ഈ അദ്ധ്യയന വർഷം എത്ര പേരെ നിയമിച്ചുവെന്നും എത്ര പേരെക്കൂടി നിയമിക്കാൻ നടപടി സ്വീകരിച്ചു വരുന്നുവെന്നും വ്യക്തമാക്കാമോ :

(സി) ജില്ലയിൽ ഹൈസ്കൂൾ തലത്തിൽ ഫിസിക്കൽ സയൻസ് അദ്ധ്യാപകരുടെ നിലവിലുള്ള ഒഴിവിലേയ്ക്ക് മറ്റ് ഐച്ഛിക വിഷയങ്ങളിലെ അദ്ധ്യാപകരെ നിയമിച്ചിട്ടുണ്ടോ : എങ്കിൽ അതിനുള്ള കാരണമെന്താണ് :

LIBRARY ARCHIVES Kerala Legislative Assembly